**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3589** — **14-07-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാമവണ്ടി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ ആന്റണി രാജു (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പഞ്ചായത്തുകളുടെ സഹകരണത്തോടെ ആരംഭിച്ച ഗ്രാമവണ്ടി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. നിർദ്ദിഷ്ട പദ്ധതി പ്രകാരമുള്ള സർവ്വീസിന്റെ പ്രത്യേകതകൾ താഴെ പറയുന്നവയാണ്.<br><br>1. സർവ്വീസിന്റെ ഡീസൽ ചെലവ് പൂർണ്ണമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണം.<br><br>2. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദ്ദേശിക്കുന്ന സമയക്രമത്തിൽ സർവ്വീസ് നടത്തുന്നതാണ്.<br><br>3. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്റർ എങ്കിലും ഓടിയിരിക്കണം.<br><br>4. ബസ്, പരിപാലനം, ജീവനക്കാർ, ശമ്പളം, ഇൻഷ്വറൻസ്, പെർമിറ്റ് തുടങ്ങി ഡീസൽ ഒഴികെ മറ്റ് എല്ലാ ചെലവുകളും കെ.എസ്.ആർ.ടി.സി വഹിക്കും.<br><br>5. നിലവിൽ സർക്കാർ നിശ്ചയിച്ച ടിക്കറ്റ് നിരക്ക് മാത്രം ഈടാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവ പാലിച്ചാണ് സർവ്വീസുകൾ നടത്തുക.<br><br>6. റൂട്ടുകളുടെ ഗതാഗത യോഗ്യതയ്ക്കനുസരിച്ച് 24 seater, 32 seater, സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുക.<br><br>7.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തുനിന്നും സർവ്വീസ് നടത്തുക. |

8. തുടക്കത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ ബസ്സുകൾ (34 മുതൽ 48 സീറ്റുകൾ) ഉപയോഗിച്ച് ഡിപ്പോയിൽ നിന്നും തന്നെ ആരംഭിക്കുവാൻ കഴിയുന്ന സർവ്വീസുകൾക്ക് മുൻഗണന നൽകും.

9. രണ്ടാം ഘട്ടത്തിൽ ഇത്തരത്തിൽ ഡിപ്പോയിൽ നിന്നല്ലാതെ ഗ്രാമപഞ്ചായത്തുകൾ ക്രമീകരിക്കുന്ന സ്റ്റേ സൗകര്യമുള്ള പ്രദേശങ്ങളിൽ നിന്നു കൂടി ആരംഭിക്കുന്ന സർവ്വീസുകൾ പരിഗണിക്കും.

10. മൂന്നാം ഘട്ടത്തിൽ മിനി ബസ്സുകൾ (24 സീറ്റ്) ലഭ്യമാക്കി വീതി കുറഞ്ഞ റോഡുകളിൽ കൂടി മേൽ പ്രതിപാദിച്ച തരത്തിൽ തന്നെ ഗ്രാമവണ്ടി ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

11. കേന്ദ്രീകൃതമായി എല്ലാ ഗ്രാമവണ്ടി ബസ്സുകൾക്കും ഒരേ കളറും ഡിസൈനും നിശ്ചയിക്കും.

12.ഡീസൽ തുക സ്പോൺസർ ചെയ്യുന്നതാണെങ്കിൽ ആ സ്ഥാപനത്തിന്റെ / വ്യക്തിയുടെ പേര്, വിശദാംശങ്ങൾ എന്നിവ നിശ്ചിത വലിപ്പത്തിൽ ബസ്സിൽ പ്രദർശിപ്പിക്കുവാൻ അനുവദിക്കും.

13. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.യുമായി മൂന്ന് വർഷത്തേയ്ക്ക് കരാറിൽ ഏർപ്പെടേണ്ടതും, പിന്നീട് കരാർ പുതുക്കാവുന്നതുമാണ്.

14. കെ.എസ്.ആർ.ടി.സി പമ്പിൽ നിന്നും ഡീസൽ നൽകുന്നതിന് ബസ് ഒന്നിന് ഡീസൽ കരുതൽ നിക്ഷേപമായി മുൻകൂർ 1 ലക്ഷം രൂപ നൽകണം. പിന്നീട് ഓരോ മാസവും 20-ാം തീയതിയ്ക്കകം മുൻ മാസത്തെ യഥാർത്ഥ ഡീസൽ ചെലവിന്റെ തുക കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയാൽ മതിയാകും.

15. കെ.എസ്.ആർ.ടി.സി ബസ്സ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽ നിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ജീവനക്കാർക്കായുള്ള സ്റ്റേ റൂം സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്. ഒന്നോ അതിലധികമോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചേർന്നും ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

16. അതത് തദ്ദേശ സ്ഥാപനങ്ങൾ MLA-മാർ മുഖാന്തിരം നൽകുന്ന അപേക്ഷകൾക്ക് മുൻഗണന നൽകും.

| | | | |
|---|---|---|---|
| | | | 17. ഗ്രാമവണ്ടി പദ്ധതിയുടെ നടത്തിപ്പ് പഞ്ചായത്ത് ട്രാൻസ്പോർട്ടേഷൻ മാനേജ്മെന്റ് കമ്മിറ്റി മുഖാന്തിരം ആണ് നടക്കുക. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ / ചെയർ പേഴ്സൺ / മേയർ ചെയർമാനായും, സെക്രട്ടറി കൺവീനർ ആയും, എല്ലാ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാർ, കെ.എസ്.ആർ.ടി.സി.യുടെ രണ്ട് പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കും. ആവശ്യമെങ്കിൽ ഒരു സാങ്കേതിക വിദഗ്ധനേയും രണ്ടിൽ കൂടാത്ത പഞ്ചായത്ത് അംഗങ്ങളേയും അംഗങ്ങളാക്കാവുന്നതാണ്. സ്ഥലം എം.എൽ.എ / എം.എൽ.എ-മാർ, ജില്ലാ /ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എന്നിവർ ഉപദേശകരായും പ്രവർത്തിക്കും.<br><br>18. ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കുന്നതിന് പ്രൊപ്പോസലുകൾ കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ജില്ലാ ഓഫീസുകൾ മുഖേന സമർപ്പിക്കാവുന്നതാണ്. ഗ്രാമവണ്ടി പദ്ധതി തിരുവനന്തപുരം ജില്ലയിൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ ഗ്രാമവണ്ടി സർവ്വീസ് ജൂലായ് 29-ന് ഉദ്ഘാടനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ